**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3899** **27-10-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ വെൽനസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വർക്കല മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തുവാൻ തെരഞ്ഞെടുത്തിരിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br>1.ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന കുന്നത്തുമല ആരോഗ്യ ഉപകേന്ദ്രം. 2. മടവൂർ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന മടവൂർ ആരോഗ്യ ഉപകേന്ദ്രം.<br>3.വെട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന പുത്തൻചന്ത ആരോഗ്യ ഉപകേന്ദ്രം.<br>4.ഇടവാ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന വെൺകുളം ആരോഗ്യ ഉപകേന്ദ്രം.<br>5.തോണിപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന അയിരൂർ ആരോഗ്യ ഉപകേന്ദ്രം. |
| (ബി) | വെൽനസ് സെന്ററുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ക്ലിനിക്-കം-ഓഫീസ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ഐ.യു.സി.ഡി.റൂം, സ്റ്റോർ കൂടാതെ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ,കുടിവെള്ള വിതരണം,പൂന്തോട്ടം, കുട്ടികൾക്ക് കളിസ്ഥലം എന്നിവ ലഭ്യതയ്ക്കനുസരിച്ച് ഒരുക്കുകയോ ഉറപ്പ വരുത്തുകയോ ചെയ്യും. |

സെക്ഷൻ ഓഫീസർ